o/c

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
ജില്ലാ ടൌൺ പ്ലാനറുടെ കാര്യാലയം, വയനാട്
നടപടിക്രമം

വിഷയം: ജില്ലാ ടൌൺ പ്ലാനറുടെ കാര്യാലയം, വയനാട് - വൈത്തിരി ഗ്രാമപഞ്ചായത്തിൽ ചുണ്ടേൽ വില്ലേജ് റീ.സർവ്വേ നമ്പർ 132/6 ,132/5, 132/3 , 132/12 , 132/13 ൽ ഉൾപ്പെട്ട 0.2558 ഹെക്ടർ സ്ഥലത്ത് പെട്രോൾ പമ്പ് നിർമ്മിക്കുന്നതിന് ലേ - ഔട്ട് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന: ശ്രീ. ഹയറുന്നീസ പി എം, മൂഴിയേൽ എന്നവരുടെ 25-05-22 തീയതിയിലെ അപേക്ഷ.

ഉത്തരവ് നമ്പർ TCPWYD/187/2022-C തീയതി: 18/06/2022

വയനാട് ജില്ലയിൽ വൈത്തിരി ഗ്രാമപഞ്ചായത്തിലെ ചുണ്ടേൽ വില്ലേജിൽ റീ സർവ്വേ നമ്പർ 132/6, 132/5, 132/3, 132/12, 132/13 ൽ ഉൾപ്പെട്ട 0.2558 ഹെക്ടർ സ്ഥലത്ത് Group I - hazardous വിഭാഗത്തിൽ വരുന്ന പെട്രോൾ പമ്പ് (കവറേജ് 21.77%, എഫ്.എസ്.ഐ-0.22 , ആകെ ബിൽട്ട് അപ്പ് ഏരിയ - 556.92 (സെയിൽസ് ബിൽഡിങ് 140.92 ച. മി, കാനോപ്പി - 416 ച. മി)) നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ 2019 ചട്ടങ്ങൾക്കും താഴെ കൊടുത്തിട്ടുള്ള നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു. താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കെട്ടിട നിർമ്മാണ അനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.

നിബന്ധനകൾ

1. നിർദിഷ്ട നിർമാണം കെ.പി.ബി.ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, DDMA ഉത്തരവുകൾക്കും വിധേയമായിട്ടുള്ളതാണെന്നു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവെ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, എന്നിവ പരിശോധിച്ചും നിർദിഷ്ട സ്ഥലത്തു പുറമ്പോക്കു ഭൂമി ഉൾപ്പെടുന്നില്ല എന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. കെ.പി.ബി.ആർ 2019 ചട്ടം 5 പ്രകാരം ജില്ലാ കളക്ടർ, മറ്റു ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതാണ്.
4. നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവൃത്തികൾ 2008-ലെ കേരള നെൽവൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് , 1963-ലെ കേരള ഭൂപരിഷ്കരണ നിയമം എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
5. നിർദിഷ്ട പെട്രോൾ പമ്പിലേക്കു പ്രവേശിക്കുന്നതും പുറത്തേക്കു വരുന്നതുമായ വാഹനങ്ങൾ മുൻവശത്തെ റോഡിൽ കൂടിയുള്ള വാഹനഗതാഗതത്തെ ബാധിക്കുവാൻ പാടുള്ളതല്ല. ആയതിന്നാവശ്യമായ സ്ഥിരമായ വാഹന ഗതാഗത നിയന്ത്രണ സൗകര്യങ്ങൾ കെട്ടിട പെട്രോൾ പമ്പ് ഉടമ ഒരുക്കേണ്ടതാണ്.
6. നിർദിഷ്ട സ്ഥലത്തുനിന്നും യാതൊരുവിധ മാലിന്യങ്ങളും സമീപ പ്രദേശങ്ങളിലേക്കോ ജല സ്രോതസ്സിലേക്കോ കലരുവാൻ പാടുള്ളതല്ല.
7. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കുന്ന മുറയ്ക്ക് കെ.പി.ബി.ആർ 2019 ചട്ടം 34 പ്രകാരമുള്ള സാനിറ്റേഷൻ സൌകര്യം നല്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
8. കെ.പി.ബി.ആർ 2019 ചട്ടം 76(1) പ്രകാരം ഭൂഗർഭജലം പോഷണത്തിനുള്ള

സംവിധാനങ്ങൾ നല്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

9. കെ.പി.ബി.ആർ 2019 ചട്ടം 79 പ്രകാരം ഖര/ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ നല്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
10. കെ.പി.ബി.ആർ 2019 ചട്ടം 47 (1) (ഇന്ധന ടാങ്ക്, VENT പൈപ്പ് എന്നിവയുടെ സ്ഥാനം), 76 (3)(2) (അർബൻ ഫോറെസ്റ്റെറിയുമായി ബന്ധപ്പെട്ടത്), 47(2) (clear open space of not less than 7.50metres shall be provided all around the retail dispensing units of fuel filling station) , 28(1) (ACCESS TO THE PLOT) എന്നിവ പാലിക്കുന്നുണ്ടെന്നും കെ.പി.ബി.ആർ 2019 ചട്ടം 42 പ്രകാരം ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കുട്ടികൾക്കും ആവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
11. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കുന്ന മുറയ്ക്ക് പ്ലാനിൽ കാണിച്ചിട്ടുള്ള എല്ലാ സുരക്ഷിത സംവിധാനങ്ങളും നിർമ്മിച്ചിട്ടുണ്ടയെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
12. സ്ഥലം റോഡ് നിരപ്പിൽ നിന്നും താഴ്ന്ന നിൽക്കുന്നതായും സ്ഥലത്ത് മണ്ണ് ഫില്ലിംഗ് ആവശ്യമായി വരുന്നതായും കാണുന്നു. ആയതിനാൽ പ്രസ്തുത സ്ഥലത്തിന്റെ തെക്ക് കിഴക്കുഭാഗങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള retaining wall, സമർപ്പിക്കപ്പെട്ട drawing പ്രകാരവും structural എഞ്ചിനീയരുടെ മേൽനോട്ടത്തിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്.
13. നിർമ്മാണ സമയത്തും നിർമ്മാണത്തിനും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
14. 1.5 മീറ്ററിൽ കൂടുതൽ കട്ടിംഗ് കാണുന്നതിനാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നു അനുമതി ലഭിച്ചതിന് ശേഷമേ നിർമ്മാണ പ്രവർത്തനങ്ങൾ തുടരാവൂ.
15. പ്രസ്തുത നിർമ്മാണം പ്രദേശത്തെ സ്വാഭാവിക നീരൊഴുക്കിനെ യാതൊരു കാരണവശാലും തടസ്സ പ്പെടുത്തരുത് എന്നും പ്ലാനിൽ കാണിച്ച ഡ്രെയ്നേജ് സൌകര്യങ്ങൾ നിർബന്ധമായും കൊടുത്തിട്ടുണ്ട് എന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
16. നിർമ്മാണ സമയത്ത് നിർമ്മാണ തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്ന തരത്തിലുള്ള സോയിൽ കട്ടിങ് രീതികൾ അവലംബിക്കേണ്ടതും മറ്റ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്.

ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതി അല്ല ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടൌൺ പ്ലാനറുടെ ലേ-ഔട്ട് അനുമതി ലഭിച്ച പ്ലാനുകൾ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിച്ച് കെട്ടിട നിർമ്മാണാനുമതി വാങ്ങേണ്ടതാണ്.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 17/2022)

Signature valid
Digitally signed by ATHIRA RAVI
Date: 2022.06.18 15:25:37 IST
Reason: Approved

ഡോ. ആതിര രവി
ടൌൺ പ്ലാനർ

സ്വീകർത്താവ് :

ശ്രീ. ഹയറുന്നീസ പി എം, ഹൈറു മൻസിൽ, മൂഴിക്കൽ, കോഴിക്കോട്

പകർപ്പ് :

1. സെക്രട്ടറി, വൈത്തിരി ഗ്രാമപഞ്ചായത്ത്
2. അധികം

DESPATCHED 18/6/22

കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ് വയനാട്, കൽപ്പറ്റ പിൻ: 673 122